# വിശ്വാസി

ക്രിസ്തീയ വിശ്വാസത്തിന്റെ പ്രതീകം

VOL. 15 No. 3 | PUBLISHED FROM DELHI | PRICE Rs. 3/- | MARCH 2011


## എഫ്.സി.ബി.സി. ബിരുദദാനം നടന്നു

**അടൂർ:** ഫെയ്ത്ത് സെലിബ്രേഷൻ ബൈബിൾ കോളജിന്റെ മൂന്നാമത് ബിരുദദാന സമ്മേളനം 2011 ഫെബ്രുവരി 26-ാ തീയതി അടൂർ മർത്തോമ്മ യൂത്ത് സെന്ററിൽ വച്ച് അനുഗ്രഹപ്രദമായി നടന്നു. കോളജ് പ്രിൻസിപ്പൽ പാസ്റ്റർ എബി ജോർജ്ജ് അദ്ധ്യക്ഷനായിരുന്ന സമ്മേളനത്തിൽ പാസ്റ്റർ ജയപ്രകാശ് മത്തായി 9:36-10:1 വായിക്കുകയും, പാസ്റ്റർ മനോജ് തമ്പി പ്രാർത്ഥിക്കുകയും ചെയ്തു. ദൈവം നടത്തിയ വഴികളെ ഓർത്ത് സ്തുതിച്ചുകൊണ്ട് കോളജ് ഡയറക്ടർ പാസ്റ്റർ എം. സാമുവൽകുട്ടി സംസാരിച്ചു. വിദ്യാർത്ഥികളെ പ്രതിനിധീകരിച്ച് ബ്രദർ റെജി സാമുവൽ "പോകുക; ശിഷ്യരാക്കുക" എന്ന വിഷയത്തെ ആസ്പദമാക്കി പ്രസംഗിച്ചു. മുഖ്യ അതിഥി ആയിരുന്ന റവ. ഡോ. ഐസക് വി. മാത്യു ലൂക്കൊസ് 4:18, മത്തായി 28:19-21 എന്നീ വാക്യങ്ങളെ അടിസ്ഥാനമാക്കി ദൈവവചനം സംസാരിച്ചു. ഒരു ശിഷ്യനു മാത്രമേ മറ്റൊരു ശിഷ്യനെ വാർത്തെടുക്കുവാൻ കഴികയുള്ളു. ദരിദ്രന്മാരോട് സുവിശേഷം അറിയിക്കുന്ന മഹത്തരമായ ശുശ്രൂഷയാണ് ക്രിസ്തു ചെയ്തത്. യേശു തന്റെ മുമ്പിൽ വന്ന ജനത്തെക്കുറിച്ച് നല്ല അവബോധം ഉള്ളവനും, ഉൾക്കാഴ്ചയുള്ളവും പരിശുദ്ധാത്മാവിൽ നിറഞ്ഞവനും ആയിരുന്നു. യേശു ശിഷ്യന്മാരായി പന്ത്രണ്ടുപേരെ തിരഞ്ഞെടുത്തതുപോലെ 12 പേർ ഗ്രാജുവേറ്റ് ചെയ്യുമ്പോൾ ശിഷ്യനുണ്ടായിരിക്കേണ്ട ഗുണഗണങ്ങളോടു കൂടെ പുറത്തു പോയി ക്രിസ്തുവിനെ മറ്റുള്ളവരുമായി പങ്കുവെച്ച് ഒരു നല്ല ശിഷ്യഗണത്തെ വാർത്തെടുക്കുവാനുള്ള ആഹ്വാനം അദ്ദേഹം നൽകി.

കോളജ് രജിസ്ട്രാർ പാസ്റ്റർ ബോബി പി. ജോൺ ഗ്രാജുവേറ്റ് ചെയ്യുന്ന വിദ്യാർത്ഥികളെ സദസ്സിന് പരിചയപ്പെടുത്തുകയും കോളജ് ഡയറക്ടർ പാസ്റ്റർ എം. സാമുവൽകുട്ടി സർട്ടിഫിക്കറ്റുകൾ വിതരണവും ചെയ്തു. കോളജ് മുൻ പ്രിൻസിപ്പൽ പാസ്റ്റർ ബിജു ബഞ്ചമിൻ സമ്മാനദാനം നിർവ്വഹിച്ചു.

ഈ വർഷത്തെ അക്കാദമിക്ക് അവാർഡ് റവ. ഡോ. ഐസക് വി. മാത്യുവിൽ നിന്നും സിസ്റ്റർ സാറാമ്മ ജോസഫ് ഏറ്റുവാങ്ങി. വിവിധ കോഴ്സുകളെക്കുറിച്ചുള്ള വിവരണം പാസ്റ്റർ ഷാജി എസ് നിർവ്വഹിച്ചു. കോളജ് ഡീൻ ഇവാ. ഷൈൻ സ്വാഗതവും, ഇവാ. അജിമോൻ പി.ഡി. നന്ദിയും പ്രകാശിപ്പിച്ചു.



ബിരുദദാന ചടങ്ങിൽ എഫ്.സി.ബി.സി. ഡയറക്ടർ പാസ്റ്റർ എം. സാമുവൽകുട്ടി സംസാരിക്കുന്നു

## ദൈവജനം വിരുതിനായ് ഓടുക: പാസ്റ്റർ എം. സാമുവൽകുട്ടി

**അടൂർ:** ദൈവജനം തങ്ങളുടെ മുമ്പിലുള്ള വിരുതിനായി വിശ്വസ്തരായി ഓടണമെന്ന് ഫെയ്ത്ത് ഫെലോഷിപ്പ് സഭാ പ്രസിഡന്റ് പാസ്റ്റർ എം. സാമുവൽകുട്ടി പ്രസ്താവിച്ചു. 2011 ഫെബ്രുവരി 27-ാം തീയതി അടൂർ മാർത്തോമ യൂത്ത് സെന്ററിൽ വച്ച് നടത്തപ്പെട്ട ഫെയ്ത്ത് ഫെലോഷിപ്പ് കേരളാ റീജൻ ഐക്യാരാധനയിൽ 1കൊരി. 9:24 ആസ്പദമാക്കി ദൈവവചനം സംസാരിക്കുകയായിരുന്നു അദ്ദേഹം. അപ്പൊല്ലോസിന്റെയും, പൗലൊസിന്റെയും, കേഫാവിന്റെയും, യേശുവിന്റെയും പേരിൽ സഭയിൽ ഭിന്നത ഉണ്ടായി, അതേസമയം ദുർമാർഗ്ഗ ജീവിത ശൈലികളും, വിഗ്രഹാർപ്പിതത്തോടുള്ള അവരുടെ നയപരമായ സമീപനവും ആത്മീയതയിൽ നിന്നും ജനത്തെ അകറ്റി. ഈ കാലഘട്ടവും അതിനൊട്ടും വിഭിന്നമല്ല. പ്രശ്നങ്ങൾ ഉണ്ടാകാം, ഗ്രൂപ്പുകൾ വളർന്നേക്കാം, എങ്കിൽ തന്നെയും ക്രിസ്തുപക്ഷത്ത് ഐക്യമായി നിന്ന് നമ്മുടെ മുമ്പിൽ വച്ചിരിക്കുന്ന ഓട്ടം സ്ഥിരതയോടെ ഓടി നമുക്കുള്ള വിരുത് പ്രാപിക്കാം, അദ്ദേഹം കൂട്ടിച്ചേർത്തു.

പാസ്റ്റർ ഡി. ജോൺ 125-ാം സങ്കീർത്തനം വായിച്ച് പ്രബോധിപ്പിച്ചു. ദൈവം സ്ഥാപിച്ച പർവ്വതത്തെ സുരക്ഷിത വലയത്തിൽ കാത്തുപരിപാലിച്ചതു പോലെ ദൈവത്താൽ പണിയപ്പെടുന്ന സഭ ദൈവം കാത്തു പരിപാലിക്കും, അദ്ദേഹം പറഞ്ഞു. കേരളാ റീജൻ ദൈവദാസന്മാരും വിശ്വാസികളും യോഗത്തിൽ സംബന്ധിച്ചു. ആരാധനയോട് അനുബന്ധിച്ചു നടന്ന കർത്തൃമേശശുശ്രൂഷയ്ക്ക് പാസ്റ്റർ എം. സാമുവൽകുട്ടി നേതൃത്വം നൽകി.

ഐക്യാരാധനയോടനുബന്ധിച്ചു നടന്ന ശിശുപ്രതിഷ്ഠയിൽ മൂന്ന് കുഞ്ഞുങ്ങളെ ദൈവകരങ്ങളിൽ സമർപ്പിച്ച് പാസ്റ്റർ എം. സാമുവൽകുട്ടി പ്രാർത്ഥിച്ചു. ഞയറാഴ്ച രാവിലെ 9.30ന് നെല്ലിമുകൾ താഴത്തുമൺ കടവിൽ വച്ച് നടന്ന സ്നാനശുശ്രൂഷയിൽ പത്തു പേർ പാസ്റ്റർ എം. സാമുവൽകുട്ടിയുടെ കൈകീഴിൽ സ്നാനമേറ്റു.

# കേരളം തിരഞ്ഞെടുപ്പ് ഗോദയിലേക്ക്

*പ്രത്യേക ലേഖകൻ*

അഞ്ചു വർഷത്തെ എൽഡിഎഫ് ഭരണം പൂർത്തീകരണത്തിലേക്കു എത്തിയിരിക്കുകയാണ്. ആസന്നമായ (ഏപ്രിൽ 13) നിയമസഭാ തിരഞ്ഞെടുപ്പിനുവേണ്ടി രണ്ടു മുന്നണികളും ഒരുങ്ങുകയാണ്. കേരളത്തിൽ സാധാരണ നടന്നുവരുന്നതുപോലെ ഒരു മുന്നണി മാറി എതിർമുന്നണി ഭരണത്തിലേറുമെന്നാണ് പരക്കെ പ്രതീക്ഷിക്കുന്നത്. ഭരണം ഏതാണ്ട് ഉറച്ച മട്ടിൽ ആത്മവിശ്വാസത്തിൽ ആയിരുന്ന യൂഡിഎഫിനെ പക്ഷേ, പഴയ ഐസ്ക്രീം കേസും അഴിമതി ആരോപണങ്ങളും പുറകോട്ട് തള്ളിയിരിക്കുകയാണ്. ഈ തളർച്ചയെ പ്രതിരോധിക്കുവാൻ മുഖ്യമന്ത്രിയുടെ മകനെതിരെ പ്രത്യാരോപണങ്ങളുമായി അവർ രംഗത്ത് വന്നിരിക്കുന്നു.

ഇപ്പോൾ ഉയർന്നു കേൾക്കുന്ന അപവാദങ്ങളും ആരോപണങ്ങളും അധികാരത്തിന്റെ ഇടനാഴികളിൽ ഇടനിലക്കാരായി വർത്തിക്കുന്നവർക്ക് എന്തും പ്രപ്യമാണെന്നുള്ള വസ്തുത അരക്കിട്ട് ഉറപ്പിച്ചിരിക്കുകയാണ്. പൊതുജനങ്ങളുടെ പണം ധൂർത്തടിക്കുന്ന രാഷ്ട്രീയക്കാരുടെ ഇംഗിതങ്ങൾ നടപ്പിലാക്കുവാൻ അവരുടെ പിണിയാളുകളായി എത്തുന്നവർ അവരെക്കാൾ ശക്തരാകുന്ന കാഴ്ച നമ്മുടെ രാഷ്ട്രീയ രംഗം എത്രമേൽ അധഃപതിച്ചിരിക്കുന്നു എന്നതിന്റെ തെളിവാണ്. പണ്ട് പണക്കാരും ഭീമൻ വ്യവസായിക ളും അധോലോകനായകന്മാരും രാഷ്ട്രീയക്കാരെ ഒളിഞ്ഞു നിന്നു സഹായിച്ചിരുന്നു. പിന്നീട്, അവർ തെളിഞ്ഞു സഹായിച്ചുതുടങ്ങി. ഇപ്പോൾ അവർ തന്നെ രാഷ്ട്രീയക്കാരും സമാജികരും മന്ത്രിമാരും ഒക്കെ ആയി മാറിക്കഴിഞ്ഞു. പൊതുജീവിതം ക്ലാവു പിടിച്ച അവസ്ഥയിൽ ആയിരുന്നിട്ടും തിരുത്തൽ ശ്രമങ്ങൾ ഒന്നും ഇതുവരെ കണ്ടുതുടങ്ങിയിട്ടില്ല.

ജനങ്ങളും അവരുടെ പ്രതിനിധികൾ സംശുദ്ധ ജീവിതത്തിന് ഉടമകൾ ആയിരിക്കണം എന്ന് ഇപ്പോൾ ശഠിക്കാറില്ല. നേതാവ് എത്ര വലിയ അഴിമതിക്കാരനാണെങ്കിലും അവരുടെ ചില കാര്യങ്ങൾ നടത്തിക്കൊടുത്താൽ ജനപ്രിയത കൈവരും. അതുകൊണ്ടു തന്നെ രാഷ്ട്രീയക്കാരും സുദീർഘകാല അടിസ്ഥാനത്തിലുള്ള ജനക്ഷേമപരിപാടികൾക്ക് പകരം ഹ്രസ്വകാലാടിസ്ഥാനത്തിൽ ജനപ്രീണന പരിപാടികൾ ആണ് നടപ്പിലാക്കുന്നത്. സമൂഹത്തിന്റെ എല്ലാ തട്ടുകളിലേക്കും എത്തുന്ന സമഗ്രവികസനം അതിനാൽ വാക്കുകളിൽ മാത്രം ഒതുങ്ങുന്നു.



ഈ തിരഞ്ഞെടുപ്പിനെ സമീപിക്കുമ്പോൾ വസ്തുനിഷ്ഠമായ ഒരു വിശകലനത്തിന്റെ അടിസ്ഥാനത്തിൽ ജനങ്ങൾ അവരുടെ സമ്മതിദാനാവകാശം ഉപയോഗപ്പെടുത്തിയിരുന്നെങ്കിൽ എന്ന് ചിന്തിച്ചു പോകുന്നു. അങ്ങനെ ആയിരുന്നുവെങ്കിൽ രാഷ്ട്രീയകക്ഷികൾ കുറെക്കൂടി കരുതലോടെ സ്ഥാനാർത്ഥിനിർണയം നടത്തുമായിരുന്നു. തൽഫലമായി അഴിമതിക്കും സ്വജനപക്ഷപാതത്തിനും കുറച്ചെങ്കിലും ഇടിവ് സംഭവിക്കുമായിരുന്നു. ഇന്ത്യയ്ക്ക് ശോഭനമായ ഒരു ഭാവി ഉണ്ടാകണമെങ്കിൽ അഴിമതിയുടെ വ്യാപനം തടയുക തന്നെ ചെയ്യണം.

താരതമ്യേന, വികസനോന്മുഖവും സുസ്ഥിരവും ജനകീയവും ആയ ഒരു ഭരണം എന്നാണ് നിഷ്പക്ഷമതികളായ വിദഗ്ധരും മാധ്യമപ്രവർത്തകരും പൊതുപ്രവർത്തകരും ഇപ്പോഴത്തെ ഭരണത്തെ വിലയിരുത്തുന്നത്. അഴിമതിക്കെതിരെ നടപടിയെടുക്കുന്ന ഒരു മുഖ്യമന്ത്രി എന്ന മേൽവിലാസം ശ്രീ. അച്ചുതാനന്ദനുണ്ട്. അതുകൊണ്ട് തന്നെ, അച്ചുതാനന്ദനെ മുന്നിൽ നിർത്തി തിരഞ്ഞെടുപ്പിനെ അഭിമുഖീകരിക്കണം എന്ന നിലപാടാണ് ഇടതുമുന്നണിയിലെ ചിലരുടെ അഭിപ്രായം. കേന്ദ്രത്തിലെ യുപിഎ സർക്കാർ കേരളത്തിന് ചെയ്ത സഹായങ്ങൾ എണ്ണിപറഞ്ഞുകൊണ്ട് മുഖ്യമന്ത്രിക്കസേര സ്വന്തമാക്കാം എന്ന പ്രതീക്ഷയിലാണ് ശ്രീ. ഉമ്മൻ ചാണ്ടി.

വിശ്വാസി സമൂഹം വോട്ട് രേഖപ്പെടുത്തുമ്പോഴും പൊതുജീവിതത്തിലെ സംശുദ്ധി, സത്യസന്ധത, ഉത്തരവാദിത്വം, കാര്യപ്രാപ്തി, മുതലായവ പരിഗണിക്കണം. പരമ്പരാഗതമായി കൊങ്ങ്ഗ്രസ് മുന്നണിക്ക് വോട്ട് ചെയ്യുന്നവരാണ് പെന്തക്കൊസ്തരെങ്കിലും അവർക്ക് ഒരു പ്രശ്നം ഉണ്ടാകുമ്പോൾ കൊങ്ങ്ഗ്രസോ കൂട്ടുകക്ഷികളോ സഹായിക്കുന്നില്ല എന്ന പരാതി വ്യാപകമായി നിലനിൽക്കുന്നുണ്ട്.

പത്രാധിപ ലേഖനം.......

# നന്മ പ്രവർത്തിക്കുവാൻ നൽകേണ്ട വില



നന്മയും തിന്മയും മാനവ ചരിത്രത്തിന്റെ തുടക്കം മുതൽ പരസ്പരം സ്പർദ്ധിക്കുന്നവയാണ്. നന്മ പ്രവർത്തിക്കുമ്പോൾ തിന്മയെ എതിർക്കുക സ്വഭാവികം. നന്മ പ്രവർത്തിക്കുന്നവരെ തിന്മ പ്രവർത്തിക്കുന്നവർ ശത്രുക്കളായി കണ്ട് അവരെ നിഗ്രഹിക്കുവാൻ ശ്രമിക്കുന്നത് വേദപുസ്തകത്തിലെ ഉല്പത്തി പുസ്തകം മുതൽ നാം കാണുന്നതാണ്. കയിൻ ഹാബേലിനെ വധിക്കുന്നത് നന്മയും തിന്മയും തമ്മിലുള്ള പോരാട്ടത്തിന്റെ ഭാഗമായിട്ടാണ്. വേദപുസ്തകത്തിൽ തുടർന്നും ഇത്തരം പോരാട്ടങ്ങളുടെ ദൃഷ്ടാന്തങ്ങളുണ്ട്. വേദപുസ്തകത്തിലെ സന്ദേശങ്ങളുടെ കാതൽ തന്നെ പാപം എന്ന തിന്മയിൽ നിന്ന് മനുഷ്യരാശിയെ മോചിപ്പിക്കുവാനായി യേശുക്രിസ്തു സ്വന്തം ജീവൻ ബലിയായ് നൽകിയതാണ്. യേശുവിന്റെ ജനനത്തിനു മുമ്പും പിമ്പും ദൈവിക പക്ഷത്ത് നിലയുറപ്പിച്ച് തിന്മയെ എതിർത്ത് നന്മ പ്രവർത്തിക്കുവാൻ സ്വജീവനെ തൃണവൽഗണിച്ചവർ അനേകം.

നന്മ പ്രവർത്തിക്കുമ്പോൾ പലപ്പോഴും അന്യരെ മാത്രമല്ല, സ്വഭവനത്തിലുള്ളവരെപ്പോലും മുഷിപ്പിക്കേണ്ടതായി വരാം. മാതാപിതാക്കൾ, സഹോദരങ്ങൾ, ഭാര്യ, മക്കൾ, മറ്റ് അടുത്ത ബന്ധുക്കൾ ശത്രുക്കളായിത്തീരാം. ഇനിയും മറ്റൊന്ന് സ്വന്തം പ്രകൃതത്തിൽ അടങ്ങിയിരിക്കുന്ന തിന്മയെ അതിജീവിച്ചുവേണം നന്മ പ്രവർത്തിക്കുവാൻ. ചിലർക്ക് നന്മ നിരന്തരം പ്രവർത്തിക്കുവാൻ കഴിയാതെ വരുന്നത് അവരുടെ സ്വഭാവത്തിലെ തിന്മയുടെ സ്വാധീനത്തെ ചെറുക്കാൻ കഴിയാതെ വരുമ്പോഴാണ്. ആംഗലേയ സാഹിത്യത്തിലെ അതിപ്രശസ്തമായ ഒരു കൃതിയിലെ (*ദ് സ്ട്രെയ്ഞ്ച് കെയ്സ് ഓഫ് ഡോ. ജെക്കിൾ മിസ്റ്റർ ഹൈഡ്*- റോബോർട്ട് ലൂയിസ് സ്റ്റിവൻസൺ) ഒരേ കഥാപാത്രത്തിന്റെ തിന്മയുടെയും നന്മയുടെയും പ്രതീകങ്ങളാണ്. പാപത്തിൽ ജനിക്കുന്ന മനുഷ്യൻ തിന്മ പ്രവർത്തിക്കുന്നത് സഹജമാണ്. ഈ പൈശാചിക സ്വാധീനത്തെ ദൈവികശക്തികൊണ്ട് മറികടന്നു വേണം നന്മ പ്രവർത്തിക്കുവാൻ. അപ്പൊസ്തലനായ പൗലൊസ് സ്വയം ഇങ്ങനെ വിലയിരുത്തി. “ന്യായപ്രമാണം ആത്മികം എന്നു നാം അറിയുന്നുവല്ലോ; ഞാനോ ജഡമയൻ; പാപത്തിനു ദാസനായി വിൽക്കപ്പെട്ടവൻ തന്നെ; ഞാൻ പ്രവർത്തിക്കുന്നത് ഞാൻ അറിയുന്നില്ല; ഞാൻ ഇച്ഛിക്കുന്നതിനെ അല്ല പകെക്കുന്നതിനെ അത്രേ ചെയ്യുന്നത്; ഞാൻ ഇച്ഛിക്കാത്തതിനെ ചെയ്യുന്നു എങ്കിലോ ന്യായപ്രമാണം നല്ലതു എന്നു ഞാൻ സമ്മതിക്കുന്നു. ആകയാൽ അതിനെ പ്രവർത്തിക്കുന്നത് ഞാനല്ല എന്നിൽ വസിക്കുന്ന പാപമത്രേ. എന്നിൽ എന്നുവെച്ചാൽ എന്റെ ജഡത്തിൽ നന്മ വസിക്കുന്നില്ല എന്നു ഞാൻ അറിയുന്നു; നന്മ ചെയ്വാനുള്ള താൽപര്യം എനിക്കുണ്ടു; പ്രവർത്തിക്കുന്നതോ ഇല്ല. ഞാൻ ചെയ്വാൻ ഇച്ഛിക്കുന്ന നന്മ ചെയ്യുന്നില്ലല്ലോ; ഇച്ഛിക്കാത്ത തിന്മയത്രേ പ്രവർത്തിക്കുന്നത്. ഞാൻ ഇച്ഛിക്കാത്തതിനെ ചെയ്യുന്നു എങ്കിലോ അതിനെ പ്രവർത്തിക്കുന്നതു ഞാനല്ല എന്നിൽ വസിക്കുന്ന പാപമത്രേ. അങ്ങനെ നന്മ ചെയ്വാൻ ഇച്ഛിക്കുന്ന ഞാൻ തിന്മ എന്റെ പക്കൽ ഉണ്ട് എന്നൊരു പ്രമാണം കാണുന്നു. ഉള്ളംകൊണ്ട് ഞാൻ ദൈവത്തിന്റെ ന്യായപ്രമാണത്തിൽ രസിക്കുന്നു. എങ്കിലും എന്റെ ബുദ്ധിയുടെ പ്രമാണത്തോടു പോരാടുന്ന വേറൊരു പ്രമാണം ഞാൻ എന്റെ അവയവങ്ങളിൽ കാണുന്നു; അതു എന്റെ അവയവങ്ങളിലുള്ള പാപപ്രമാണത്തിനു എന്നെ ബദ്ധനാക്കിക്കളയുന്നു. അയ്യോ, ഞാൻ അരിഷ്ഠ മനുഷ്യൻ! ഈ മരണത്തിനു അധീനമായ ശരീരത്തിൽനിന്നു എന്നെ ആർ വിടുവിക്കും? നമ്മുടെ കർത്താവായ യേശുക്രിസ്തു മുഖാന്തരം ഞാൻ ദൈവത്തിനു സ്തോത്രം ചെയ്യുന്നു. ഇങ്ങനെ ഞാൻ തന്നെ ബുദ്ധികൊണ്ടു ദൈവത്തിന്റെ പ്രമാണത്തെയും ജഡംകൊണ്ട് പാപത്തിന്റെ പ്രമാണത്തെയും സേവിക്കുന്നു”. (റോമർ 7:14-25).

വേദപുസ്തകത്തിനും സഭാചരിത്രത്തിനും വെളിയിലും തിന്മയെ എതിർത്ത് നന്മ പ്രവർത്തിക്കുവാൻ വലിയ വിലകൾ നൽകിയവർ ഉണ്ട്. ഇതിൽ ചിലരെക്കുറിച്ച് ലോകം അവർ ജീവിച്ചിരുന്നപ്പോൾ തന്നെ അറിഞ്ഞു. ചിലരേക്കുറിച്ച് അവരുടെ മരണശേഷവും. എന്നാൽ, തിന്മയെ എതിർത്ത് നന്മയ്ക്കുവേണ്ടി പോരാടിയ ധാരാളം പേർ അറിയപ്പെടാതെ ജീവിക്കയും മരിക്കുകയും ചെയ്തു.

2011 ഫെബ്രുവരി 26 *തെഹൽക്ക* ഇംഗ്ലീഷ് മാസികയുടെ ആവരണ കഥ നല്ലവർ ആയിരിക്കുന്നതിലുള്ള അപകടം (The Danger of Being Good) എന്നതാണ്. ഛത്തിസ്ഗഡിൽ ആദിവാസികൾക്കായുള്ള ക്ഷേമപ്രവർത്തനങ്ങൾക്കിടയിൽ തടവിലായി രാജ്യദ്രോഹി എന്ന് മുദ്രകുത്തി ജീവപര്യന്തം ശിക്ഷയ്ക്കു വിധിക്കപ്പെട്ട ഡോ. ബിനായക് സെൻ, മഹാത്മാഗാന്ധി നാഷണൽ റൂറൽ എംപ്ലോയ്മെന്റ് ആക്ട് പോലുള്ള പദ്ധതികളിലെ അഴിമതി അനാവരണം ചെയ്യാൻ വരൾച്ച ബാധിതമായ സ്വന്തം ജില്ലയിലെ ഗ്രാമീണരെ സഹായിച്ചതിനായി വധിക്കപ്പെട്ട ജാർഘണ്ഡിലെ പാലമു നിവാസി ലലിത് മേത്ത, രാഷ്ട്രീയക്കാരുടെ സ്വാർത്ഥതാൽപര്യങ്ങളിൽ നിന്നും ഹരിയാനയിലെ വനങ്ങളെ സംരക്ഷിക്കുവാൻ കള്ളക്കേസുകളും സസ്പെൻഷനും നേരിടേണ്ടിവന്ന ഹിസാർ സ്വദേശിയായ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ സഞ്ജീവ് ചതുർവേദി, മലബാർ സിമന്റ്സ് ലിമിറ്റഡിലെ 400 കോടി രൂപയുടെ അഴിമതി വെളിച്ചത്താക്കിയതിനെത്തുടർന്നു രണ്ടു കുട്ടികൾ സഹിതം മരിച്ച നിലയിൽ കണ്ടെത്തിയ പാലക്കാട്ടെ വി. ശശിന്ദ്രൻ, സംസ്ഥാനത്തെ അഴിമതിയ്ക്കും കുറ്റകൃത്യ പ്രവണതകൾക്കും വർഗീയ നുണകൾക്കും എതിരെ പോരാടിയതിനാൽ അപ്രധാനമായ തസ്തികയിലേക്ക് സ്ഥലം മാറ്റപ്പെട്ട അഹമദാബാദ് സ്വദേശിയായ അഡീഷണൽ ഡയറക്ടർ ഓഫ് പൊലീസ് കുൽദീപ് ശർമ, ഒരു വൈദ്യുതി വിതരണ കമ്പിനിക്കെതിരെ കൊടുത്ത ആർ.ടി.ഐ. അപേക്ഷ പിൻവലിക്കാൻ വിസമ്മതിച്ചതിന്റെ പേരിൽ കൊലചെയ്യപ്പെട്ട ഗുജറാത്ത് സൂറത്തിലെ വിശ്രാം ലക്ഷ്മൺ ദോദിയ, മണൽ മാഫിയയെ എതിർത്തതിന്റെ പേരിൽ വധിക്കപ്പെട്ട മഹാരാഷ്ട്രയിലെ നന്ദദിലെ രാം ദാസ് ഘടെഗാവങ്കർ, പിഡിഎസ് ധാന്യങ്ങളുടെ വിതരണത്തിലുള്ള അപാകതകൾ വെളിപ്പെടുത്തിയതിൽ കൊല്ലപ്പെട്ട തമിഴ്നാട് സിവിൽ സപ്ലൈസ് കോർപ്പറേഷനിലെ അസിസ്റ്റന്റ് ക്വാളിറ്റി കൺട്രോൾ ഇൻസ്പെക്ടർ എം. മുരുകൻ മുതലായവരെക്കുറിച്ച് ലേഖനം പ്രതിപാദിക്കുന്നു.

അഴിമതിക്കെതിരെ കുരിശ് യുദ്ധം ചെയ്ത് കഷ്ടങ്ങളും നഷ്ടങ്ങളും നിന്ദകളും അപമാനങ്ങളും സഹിച്ച് രക്തസാക്ഷികളായി മരിച്ചവർ മാത്രമല്ല ജീവിക്കുന്നവരും ലോകമെങ്ങുമുണ്ട്. പൊതുവെ അഴിമതിയുടെ തോത് കൂടുതലായ നമ്മുടെ രാജ്യത്ത് ധാർമ്മിക യുദ്ധത്തിൽ ഏർപ്പെട്ട് ജീവൻ അപകടത്തിലാക്കിയ അനേകർ ഉണ്ട്. രാഷ്ട്രീയക്കാർ, സർക്കാർ ഉദ്യോഗസ്ഥർ, നിയമപാലകർ, മുതലാളിമാർ, നാട്ടുകാർ, വീട്ടുകാർ തുടങ്ങിയവരെ ശത്രുക്കളാക്കിയാണ് ഇവർ സന്ധിയില്ലാ സമരം നടത്തുന്നത്. എഴുതുവാനും പറയുവാനും വിഷമമുള്ള വിധത്തിൽ വലുതായ തുകകളുടെ അഴിമതിക്കഥകൾ നാം അറിയുമ്പോഴും അഴിമതിക്കെതിരെ രംഗത്ത് വരുന്നവരെക്കുറിച്ചുള്ള വിവരണങ്ങൾ ഒരു രജതരേഖയായി തോന്നുന്നു.

തിന്മയ്ക്കെതിരെ സംഘർഷം ചെയ്യുന്നവരുടെ പേരുകൾക്കിടയിൽ ഒരു വിശ്വാസിയുടെ പേരുണ്ടോ എന്ന് പരതി നിരാശപ്പെടുന്നവരുണ്ട്. എന്നാൽ, അനേക സുവിശേഷകരും വിശ്വാസികളും നമ്മുടെ ഗുരുനാഥന്റെ മാതൃക പിൻപറ്റി ജീവൽഭീഷണികളെ വരെ നേരിട്ട് നന്മ പ്രവർത്തിക്കുന്നവരായി നിലകൊള്ളുന്നു എന്ന സത്യം നമ്മെ ഉത്തേജിപ്പിക്കണം. ഒരു പക്ഷേ, അവർ വാർത്തകളിൽ സ്ഥാനം പിടിക്കുന്നില്ലായിരിക്കാം, എങ്കിലും, ചുറ്റുമുള്ള വ്യക്തികളേയും സമൂഹങ്ങളേയും അവരുടെ നന്മപ്രവൃത്തികൾ സ്പർശിക്കുന്നുണ്ടായിരിക്കാം. തീർച്ച.

കർത്താവിന്റെ പക്ഷത്ത് നിന്ന് നാം നന്മ പ്രവർത്തിക്കുമ്പോൾ കഷ്ടങ്ങളും ദു:ഖങ്ങളും നമുക്കുണ്ടാകാം. എന്നാൽ, ഈ ലോകത്തിൽ നാം പരാജിതർ എന്ന് തോന്നിയാലും അന്തിമ വിജയം നന്മയുടേതാണ്. ആകയാൽ, നന്മ ചെയ്യുന്നതിൽ നാം തളർന്നു പോകരുത്. നന്മയാൽ തിന്മയെ ജയിക്കാം.

*-പാസ്റ്റർ എം. സാമുവൽകുട്ടി*

## കെട്ടഴിഞ്ഞ ജനവും കുത്തഴിഞ്ഞ ആരാധനയും

*(നാലാം പേജിൽ നിന്നു തുടർച്ച)*

രുത്ത ആൾക്കൂട്ടം. ശ്രദ്ധാകേന്ദ്രം കാളക്കുട്ടിയും അഹരോനും ആണ്.

മോശെ പർവ്വതത്തിൽ നിന്ന് ഇറങ്ങിവരുമ്പോൾ തന്നെ ശബ്ദകോലാഹലം കേട്ടു. പാളയത്തിലെ നൃത്തവും ജനത്തിന്റെ ഉത്സാഹവും കണ്ട് സന്തോഷിക്കുകയല്ല മറിച്ച് അതിനിടയിൽ മറഞ്ഞിരിക്കുന്ന കാളക്കുട്ടിയെ കണ്ട് കോപം ജ്വലിക്കുകയാണ് പ്രമാണം പ്രാപിച്ച മോശെ.

ജനത്തിന്റെ അഭിപ്രായം അഹരോന് അനുകൂലമാണ്. അവർ പറയുന്നത്, “മോശയെ ഇത് ഉണർവ്വിന്റെ കാലമാണ്. നിന്റെ കാലത്തെ പോലുള്ള ആരാധനയല്ല മറിച്ച് ഉത്സവമാണ് ഇപ്പോൾ നടക്കുന്നത്. ഞങ്ങൾ ആത്മസന്തോഷം അനുഭവിച്ച് തൃപ്തരായിരിക്കുകയാണ്”. അഹരോന്റെയും കൂട്ടരുടെയും അഭിപ്രായത്തിൽ ഇത് തകർപ്പൻ ഉണർവ്വുയോഗമാണ്. എന്നാൽ, പ്രമാണം കയ്യിലുള്ള മോശയ്ക്കു ഇത് അസഹ്യമാണ്. ഇതിനെ ഉണർവ്വായിട്ടല്ല മറിച്ച് ജനത്തിന്റെ കെട്ടഴിഞ്ഞ അവസ്ഥയായിട്ടാണ് മോശെ കാണുന്നത് (പുറപ്പാട് 32:25).

കെട്ടഴിഞ്ഞ ജനത്തിന് അടുക്കും ചിട്ടയും ഉള്ള കൂട്ടായ്മകളോ സംവിധാനങ്ങളോ താൽപര്യം ഇല്ല. ആർക്കും കീഴ്പ്പെടാൻ മനസ്സില്ല. അവർക്ക് കുറെ ചാടണം. കൃത്രിമ ശബ്ദകോലാഹലം ഉണ്ടാക്കണം. കാളക്കുട്ടിയെ വച്ചുകൊണ്ടാണെങ്കിലും Praise and Worship നടത്തണം. ഒടുവിൽ തിന്ന് കുടിച്ച് സന്തോഷിക്കണം. അഹരോന്റെ Feast ജനത്തിന് ബോധിച്ചു. അഹരോന്റെ മെഗാസഭയിൽ നല്ല ആൾക്കൂട്ടം.

മോശെ അഹരോനെ അടുക്കെ വിളിച്ചു. പഠിച്ചതും പ്രാപിച്ചതുമായ പ്രമാണങ്ങളെ കാറ്റിൽ പറത്തി ഈ ജനത്തെ ഇത്ര വലിയ തെറ്റിലേക്ക് തള്ളിവിട്ടത് എന്തിനാണ്? മോശയുടെ ചോദ്യത്തിന് അഹരോൻ നൽകിയിരിക്കുന്ന മറുപടി വിചിത്രമായിരുന്നു. “യജമാനൻ കോപിക്കരുത്, ഈ ജനം ദോഷത്തിലേക്ക് ചാഞ്ഞിരിക്കുന്നു എന്നു നീ അറിയുന്നുവല്ലോ”. ജനത്തെ ദോഷത്തിലേക്കു തള്ളിവിടുവാനുള്ള കാരണമായി അഹരോൻ പറയുന്നത് ജനം ദോഷത്തിലേക്ക് ചാഞ്ഞിരിക്കുന്നു എന്നതാണ്. ചാഞ്ഞതിനെ നേരെ ആക്കുന്നതിനേക്കാൾ എളുപ്പം (അതിനാണ് ദൈവം ആക്കിവെച്ചിരിക്കുന്നതെങ്കിലും) ചാഞ്ഞിടത്തേക്ക് തള്ളിയിടുന്നതാണ് എന്ന് ചിന്തിച്ചു ബുദ്ധിമാൻ. ജനത്തിനും സന്തോഷം അഹരോനും സന്തോഷം. വിജയകരമായ ശുശ്രൂഷ.

ജനം ഏതിലേക്ക് ചാഞ്ഞിരിക്കുന്നു എന്ന് മനസ്സിലാക്കി അതനുസരിച്ച് പ്രസംഗവും പ്രവചനവും നടത്തി ജനത്തെ വശീകരിച്ച് നിത്യദോഷത്തിലേക്ക് തള്ളിയിടുന്നവർ സത്യവചനം പ്രസംഗിച്ച് ജനത്തെ ശരിയായി നടത്താത്തതിലൂടെ അനേകർക്ക് സ്വർഗ്ഗരാജ്യം അടച്ചുകളകയും ദൈവസഭയെ നശിപ്പിക്കുകയും ചെയ്യുകയാണ്.

ലോകസുഖങ്ങളിൽ മുഴുകി കിടക്കുന്നവരോട് സ്വയത്യാഗത്തെക്കുറിച്ചും ശിഷ്യത്വത്തെക്കുറിച്ചും പറയുന്നതിനെക്കാൾ നല്ലത് സമൃദ്ധിയെകുറിച്ചും സൗഖ്യത്തെകുറിച്ചും പറയുന്നതാണ്. രോഗത്തിന് അനുസരിച്ച് മരുന്ന് കൽപ്പിക്കേണ്ട ആത്മിക വൈദ്യന്മാർ രോഗിയുടെ ഇഷ്ടം അനുസരിച്ച് മരുന്ന് നൽകുന്ന സ്ഥിതിയിലായാൽ എന്തുചെയ്യും? അടിതൊട്ട് മുടി വരെ ഒരു സുഖവും ഇല്ല എന്നതാണ് ഫലം.

അഹരോന്റെ മക്കൾ അന്യാഗ്നി കത്തിക്കയും തൽഫലമായി ക്ഷണത്തിൽ യഹോവയുടെ സന്നിധിയിൽ മരിച്ചു വീഴുകയും ചെയ്തു എന്ന് വേദപുസ്തകം വെളിപ്പെടുത്തുന്നു. കാളക്കുട്ടിയെ ഉണ്ടാക്കി കൃത്രിമ ഉണർവ്വ് സൃഷ്ടിച്ചവന്റെ മക്കൾ അന്യാഗ്നി കത്തിച്ചില്ലെങ്കിലേ അതിശയിക്കേണ്ടതുള്ളു. സ്വന്തം മക്കൾ യഹോവയുടെ ശിക്ഷാഗ്നിയിൽ എരിഞ്ഞുവീഴുന്നതു കണ്ട അഹരോൻ തന്റെ പഴയകാല പാപം ഓർത്തിട്ടാകാം മിണ്ടാൻപോലും കഴിയാത്തവനായി ഇരിക്കേണ്ടിവന്നു.

ആത്മാർത്ഥമായി ദൈവത്തെ ആരാധിക്കുവാൻ വന്നവർ ഇതിലുണ്ടെന്ന് മോശെ തിരിച്ചറിഞ്ഞു. കെട്ടഴിഞ്ഞ ജനത്തിന്റെ കുത്തഴിഞ്ഞ അവസ്ഥ കണ്ടിട്ട് മോശെ വിളിച്ചു പറഞ്ഞു, “യഹോവയുടെ പക്ഷത്തുള്ളവർ മാറിനിൽക്കട്ടെ”. സ്വന്തം പക്ഷം ശക്തിപ്പെടുത്താനുള്ള സമയമല്ല ജനത്തെ മടക്കിവരുത്താനുള്ള സമയമാണിതെന്ന് മോശെ തിരിച്ചറിഞ്ഞു. മോശെ യഹോവയുടെ പക്ഷത്ത് നിന്നപ്പോൾ ജനം മോശെയോട് കൂടെ നിന്നു. ന്യായപ്രമാണം കയ്യിലുള്ള മോശെമാരും യഹോവയുടെ പക്ഷത്ത് നിൽക്കാൻ തയ്യാറുള്ള ദൈവമക്കളും ഉള്ളിടത്തോളം സഭയ്ക്ക് നിലനിൽപ്പുണ്ട്. മോശെയുടെ നേതൃത്വത്തിൽ മടങ്ങിവന്ന ജനം സമാഗമന കൂടാരം ഉണ്ടാക്കി ജീവനുള്ള ദൈവത്തെ ആരാധിച്ചു.

ജനം മടങ്ങിവരും; പക്ഷേ, മടക്കി വരുത്താൻ ന്യായപ്രമാണം പ്രാപിച്ച മോശെ വേണം.

### വരിസംഖ്യ

**വരിസംഖ്യ നിരക്ക് ഒരുവർഷത്തേക്ക്**

| | |
|---|---|
| ഇന്ത്യയിൽ | :36 രൂപ |
| ഗൾഫ് | :300 രൂപ |
| യു.എസ് | :10 $ |
| കാനഡ | :10 $ |

### ക്ഷണിക്കുന്നു

*വിശ്വാസി*യിൽ പ്രസിദ്ധീകരിക്കുന്നതിന് ലേഖനങ്ങൾ, കവിതകൾ, വാർത്തകൾ, ഭാവനകൾ, ചെറുകഥകൾ എന്നിവ ക്ഷണിച്ചുകൊള്ളുന്നു.

*-പത്രാധിപർ*

എഡിറ്റോറിയൽ ബോർഡ്
ചീഫ് എഡിറ്റർ - പാസ്റ്റർ എം. സാമുവൽകുട്ടി
അസ്സോസിയേറ്റ് എഡിറ്റേഴ്സ്
തോമസ് ഡാനിയേൽ, പാസ്റ്റർ ബിജു ബഞ്ചമിൻ,
ജോൺ ടി. വർഗ്ഗീസ്, ഷിബു തമ്പി
പ്രൊഡക്ഷൻ & സർക്കുലേഷൻ മാനേജർ
ചെറിയാൻ ഡാനിയേൽ
ടൈപ്പ് സെറ്റിങ്ങ് : *വിശ്വാസി* ഗ്രാഫിക്സ്, ഡൽഹി

# സഭാസ്ഥാപനമോ സാമൂഹിക വികസനമോ?

## (ഒരു മിഷനറിയുടെ മുൻഗണനയെക്കുറിച്ച് ഒരു ചോദ്യം)

*(കഴിഞ്ഞ ലക്കത്തിൽ നിന്നും തുടർച്ച)*

**2. തെറ്റായ മിഷനറി പ്രതിഛായ**

മിഷനറി പ്രതിഛായ എന്നത് ഗൗരവമേറിയ വിഷയമാണ്. കാരണം, മിഷനറിമാരായ നമ്മുടെ മുൻഗണനകളെ ജനങ്ങൾ അവരുടെ മുൻഗണനകളായി സ്വീകരിക്കുന്ന പ്രവണത വ്യാപകമാണ്. പ്രസംഗം, ഉപദേശം, പഠിപ്പിക്കൽ തുടങ്ങിയ സഭാപ്രവർത്തനങ്ങളിൽ ആണ് ഒരു മിഷനറി സമയം ചിലവഴിക്കുന്നതെങ്കിൽ, രക്ഷണ്യമാർഗം പ്രചരിപ്പിക്കുകയും സഭയെ സുസ്ഥാപിതമാക്കുകയും ചെയ്യുന്നതാണ് മിഷനറിയുടെ ലക്ഷ്യം എന്ന ധാരണ ജനങ്ങൾക്ക് ഉണ്ടാകും. ഒരു സഭാ മിഷനറിയായി അവർ നമ്മെ കാണും. നേരെമറിച്ച് വിദ്യാലയങ്ങൾ, സാക്ഷരതാ കേന്ദ്രങ്ങൾ, ചികിത്സാലയങ്ങൾ തുടങ്ങിയ സാമൂഹിക വികസന പദ്ധതികളുടെ മേൽനോട്ടത്തിലും പ്രവർത്തനങ്ങളിലും നമ്മുടെ ഏറിയപങ്കും സമയം ചെലവഴിക്കുകയാണെങ്കിൽ അവർ നമ്മെ വീക്ഷിക്കുന്നത് വ്യത്യസ്തമായി ആയിരിക്കും. ഒരോദിവസവും ശരിക്കും എന്ത് ചെയ്യുന്നവരായാണ് ആളുകൾ നമ്മെ കാണുന്നത്? ചികിത്സാലയങ്ങളും വിദ്യാലയങ്ങളും നടത്തുന്നവരായി അവർ നമ്മെ കാണുന്നെങ്കിൽ സഭയെക്കാളും പ്രധാനം സാമൂഹിക വികസനമാണെന്ന് വിശ്വസിക്കുന്നവരായി അവർ നമ്മെക്കുറിച്ച് കരുതുകയും ആത്യന്തികമായി സാമൂഹിക വികസന മിഷനറിമാർ എന്ന പ്രതിഛായ അവരുടെ ഇടയിൽ നമുക്കുണ്ടാകുയും ചെയ്യുന്നു. നാം ചെയ്യുന്നവയിൽ നിന്നു വ്യത്യസ്തമാണ് നമ്മുടെ മുൻഗണനകൾ എന്ന് നാം തന്നെ വിശ്വസിക്കുകയും സഭാസ്ഥാപനമാണ് നമ്മുടെ ലക്ഷ്യം എന്ന് ആളുകളോട് വിവരിക്കുവാൻ ശ്രമിക്കുകയും ചെയ്തേക്കാം. പക്ഷേ, അവർ കാണുന്നതിനെ അത്രെ അവർ വിലമതിക്കുകയുള്ളു. നമ്മുടെ സമയം നാം എങ്ങനെ ചെലവാക്കുന്നു എന്ന് വസ്തുനിഷ്ഠമായി പരിശോധിച്ചേതീരു. നാം ജനങ്ങൾക്ക് മുന്നിൽ പ്രദർശിപ്പിക്കുന്ന പ്രതിഛായ എന്താണ്?

സുവിശേഷ വേലയ്ക്ക് പോയ സ്ഥലത്ത് 'പാതിരിസാബ്' എന്ന് തുടക്കത്തിൽ വിളിക്കപ്പെട്ടിരുന്ന ഒരു സുവിശേഷകനെ എനിക്ക് പരിചയമുണ്ട്. അവിടെ ഒരു വിദ്യാലയം വളരെ ആവശ്യമാണെന്ന് മനസിലാക്കിയ അദ്ദേഹം അത് സ്ഥാപിക്കുന്നത് സുവിശേഷീകരണത്തിനും സഹായകമാണെന്ന് കരുതി. ഇതേ ജനവിഭാഗത്തിനിടയിൽ അദ്ദേഹം ഇപ്പോൾ അറിയപ്പെടുന്നത് 'ഗുരുജി' എന്നാണ്. ഒരു ഉൾപ്രദേശത്ത് പ്രാരംഭ മിഷനറിമാരായിപ്പോയി, പാവപ്പെട്ടവർക്കുവേണ്ടി പീടിക ആരംഭിച്ചവരെ എനിക്കറിയാം. സാധനങ്ങൾകൊണ്ടുവന്ന് അവർ പാവപ്പെട്ടവർക്കുവേണ്ടി കച്ചവടം നടത്തി. വർഷങ്ങൾ കഴിഞ്ഞപ്പോൾ അഭിലഷണീയമല്ലെങ്കിലും ഒഴിവാക്കാൻ പറ്റാത്ത തിന്മയായി പീടിക അവർക്കെന്ന് പറഞ്ഞു കേൾക്കുക പതിവായി. ഒടുവിൽ സഭ വീണ്ടും തുടങ്ങുവാൻ കച്ചവടം അവർക്ക് നിർത്തേണ്ടി വന്നു. അത്യാവശ്യമല്ലാത്ത പക്ഷം സാമൂഹികവികസന പ്രവർത്തനം നടത്താൻ ഒരു മിഷനറിയും തുനിയേണ്ട എന്ന ഗുണപാഠമാണ് ഈ സംഭവകഥ നൽകുന്നത്. ഒരു വികസന പദ്ധതി നിങ്ങളുടെ പ്രദേശത്ത് ആവശ്യമെങ്കിൽ, ഒരു സാമൂഹിക പ്രവർത്തകനെ അതിനായി കൊണ്ടുവരിക. നിങ്ങളുടെ പ്രതിഛായ സംബന്ധിച്ച് ആളുകളിൽ ആശയക്കുഴപ്പം ഉണ്ടാക്കാൻ ഇട നൽകാതിരിക്കുക.

**3. മുൻഗണനകളിൽ ആശയക്കുഴപ്പം**

സാമൂഹിക വികസനങ്ങളിൽ മിഷനറിമാർ ഏർപ്പെടുന്നത് പല കാരണങ്ങളാലാണ്. ചിലപ്പോൾ അത് സർക്കാറിന്റെ സമർദ്ദം കൊണ്ടാകാം. മറ്റ് ചിലപ്പോൾ ദരിദ്രരും അഗതികളും ആയുള്ളവരെ പ്രതി അവർക്കുള്ള ഉത്കണ്ഠയിൽ നിന്നും ഉണ്ടാകുന്ന ഉത്തരവാദിത്വബോധം കൊണ്ടാകാം. ചിലപ്പോൾ, സുവിശേഷീകരണത്തിന്റെ മുന്നേറ്റത്തിന് അത് ഇടയാക്കുന്നു. നിലവിൽ തങ്ങൾ ചെയ്യുന്ന പ്രവർത്തനങ്ങൾ വഴിമുട്ടി നിൽക്കുമ്പോൾ സാമൂഹിക വികസന പദ്ധതികളിലേക്ക് തിരിയുന്ന സുവിശേഷകരുമുണ്ട്.

ഒരാളുടെ ഭൗതിക ആവശ്യത്തിന്റെ പൂർത്തീകരണം വളരെ ഗോചരമാണ്. താരതമ്യേന കാലതാമസമില്ലാതെ ഫലങ്ങൾ സാമൂഹിക വികസനപ്രവർത്തനങ്ങളിൽ ദൃശ്യമാകുന്നു. അതോടൊപ്പം എന്തെങ്കിലും നേട്ടം കാണാനൊത്തു എന്ന സംതൃപ്തിയും ലഭിക്കുന്നു. മറുവശത്ത് സുവിശേഷപ്രവർത്തനങ്ങൾ പെട്ടെന്ന് ദൃശ്യമായ ഫലങ്ങൾ പുറപ്പെടുവിക്കുന്നില്ല. അതുകൊണ്ട് തങ്ങൾക്ക് കാണാൻ കഴിയുന്നതും വേഗത്തിൽ ഉണ്ടാകുന്നതുമായ ഫലങ്ങൾക്കായി എന്തെങ്കിലും പ്രവർത്തിക്കുവാൻ മിഷനറിമാർ പ്രലോഭിതരാകുന്നു. എന്നാൽ, ആത്മിക ആവശ്യങ്ങളെക്കാൾ ഭൗതിക ആവശ്യങ്ങളുടെ പൂർത്തീകരിണത്തിൽ കൂടുതലായി മുഴുകുന്തോറും അപായ സാദ്ധ്യത ഉയരുന്നു. വികസന പദ്ധതികളുടെ മറവിൽ നാം ഒളിക്കുന്നു. നമ്മുടെ അവലോകനകുറിപ്പുകളിൽ സാക്ഷരത, വിദ്യാഭ്യാസം, ആരോഗ്യപരിപാലനം, കൃഷി മുതലായ മേഖലകളിലെ നമ്മുടെ മുന്നേറ്റത്തെക്കുറിച്ച് കൂടുതലായി പ്രതിപാദിക്കുമ്പോൾ സഭാവളർച്ചയെപ്പറ്റി വളരെയൊന്നും പ്രസ്താവിക്കാറില്ല. നേട്ടങ്ങൾക്കായുള്ള നമ്മുടെ തന്നെ ആഗ്രഹം കാരണം നമ്മുടെ മുൻഗണനകളിൽ ആശയക്കുഴപ്പം കടന്നുവരുന്നു. കാരണമെന്തുതന്നെ ആയാലും നമ്മുടെ ആത്മീയ ലക്ഷ്യങ്ങളെക്കുറിച്ചുള്ള ദർശനം നമുക്ക് നഷ്ടമാകുമ്പോൾ, നാം നിത്യമായ സൗഭാഗ്യങ്ങൾക്കു പകരം താൽക്കാലികമായ നേട്ടങ്ങൾ കൊണ്ട് സായൂജ്യമടയുന്നു. ജനങ്ങളുടെ ആത്മിക ആവശ്യങ്ങൾ കാണാതെവണ്ണം നമ്മുടെ കണ്ണ് മൂടുന്ന തന്ത്രമാണ് അവരുടെ ഭൗതിക ആവശ്യങ്ങൾ മാത്രം നമ്മുടെ കൺമുന്നിൽ നിരത്തി സാത്താൻ പയറ്റുന്നത്. ക്രിസ്തുവിൽ നമ്മുടെ സഹോദരങ്ങളായവരെ വഷളാക്കാതെ തന്നെ നമുക്ക് എങ്ങനെയാണ് സഹായിക്കാൻ കഴിയുക? ആത്മീയ സാക്ഷ്യം വഹിക്കുന്ന ഒരു വ്യക്തി എന്ന പ്രതിഛായ നിലനിർത്തിക്കൊണ്ട് തന്നെ ജനങ്ങളുടെ ന്യായമായ ഭൗതിക ആവശ്യങ്ങൾ എങ്ങനെ നിറവേറ്റാൻ കഴിയും? അതിന് ഒരു മാന്ത്രിക വിദ്യയുമില്ല, ഒരു എളുപ്പമാർഗവുമില്ല. ഒരു സന്തുലനം കണ്ടെത്തി അത് നിലനിർത്തുക എന്ന പോംവഴി മാത്രമാണ് നമുക്കുള്ളത്. മുൻഗണ എപ്പോഴും ആളുകളെ യേശുവുമായി നിരപ്പിക്കുന്നതിനും തന്റെ ശരീരമായ സഭയിൽ അവരെ ചേർക്കുന്നതിനും ആയിരിക്കണം എന്നുമാത്രം. ഭൗതിക സഹായപദ്ധതികൾ വെട്ടികുറയ്ക്കുക എന്നല്ല ഇതുകൊണ്ട് അർത്ഥമാക്കുന്നത്; പ്രത്യുത, ആത്മീയ പരിപാടികൾ ഇരട്ടിപ്പിച്ചുകൊണ്ടുവേണം ഈ സന്തുലനം കൈവരിക്കേണ്ടത്. സാക്ഷരത, വിദ്യാഭ്യാസം, ആരോഗ്യ പരിപാലനം, കാർഷികവൃത്തി എന്നിവയിലെല്ലാം ആളുകളെ സഹായിക്കുന്നത് തുടരുമ്പോൾ തന്നെ കൂടുതൽ ഊന്നൽ വേദപുസ്തകം അഭ്യസിക്കുന്നതിലും, ആരാധനയിൽ പങ്കെടുക്കുന്നതിലും സ്വന്തം സമൂഹത്തിലും അതിനുപുറത്തും സാക്ഷ്യം നിർവഹിക്കുന്നതിലും അവരെ നയിക്കുവാൻ ആണ് നൽകേണ്ടത്. ഈ സന്തുലിതാവസ്ഥ കണ്ടെത്തേണ്ടത് ഒരോ മിഷനറിയുടേയും മിഷനറി സംഘടനയുടേയും ഉത്തരവാദിത്വമാണ്. ഇത് പ്രാവർത്തികമാക്കാൻ കടുപ്പമേറിയ പുന:പരിശോധന അത്യന്താപേക്ഷിതമാണ്.

> ലേഖകന്റെ 'ഗുരോ, അങ്ങേയ്ക്ക് വിചാരമില്ലയോ?' എന്ന പുസ്തകത്തിൽ നിന്നും എടുത്തത്. ആത്മിക ശുശ്രൂഷകളും സാമൂഹിക സേവനങ്ങളും എങ്ങനെ സന്തുലിതമാക്കാം എന്ന് ആരായുകയാണിവിടെ.



**ജേക്കബ് വർഗീസ്**
ഡെറാഡൂൺ

ഒരു സാമൂഹിക വികസന പദ്ധതി നിങ്ങൾ തുടങ്ങിയിട്ടുണ്ടെങ്കിൽ, സഭയുടെമേൽ അത് ചെലുത്തുന്ന പ്രഭാവം നിരീഷണവിധേയമാക്കുക. പദ്ധതി തുടങ്ങുന്നതിന് മുമ്പ് സഭയുടെ വളർച്ചയുടെ നിരക്ക് എന്തായിരുന്നു? ആ ഗതി അങ്ങനെ തന്നെ തുടർന്നോ അതോ എന്തെങ്കിലും മാറ്റം ദൃശ്യമാണോ?

ഒരു വികസന പദ്ധതി തുടങ്ങുന്നതിനെക്കുറിച്ച് നിങ്ങൾ ആലോചിക്കുന്നുവെങ്കിൽ, ആദ്യം സമൂഹത്തിൽ അനുഭവപ്പെടുന്ന ആവശ്യങ്ങൾ എന്തെല്ലാമാണെന്ന് ഗ്രഹിക്കുക. ആ സമൂഹത്തിലെ ആളുകൾ തന്നെ അത് തുടങ്ങുമോ അതോ മിഷനറി തുടങ്ങേണ്ടിവരുമോ? പദ്ധതിയിൽ നിങ്ങൾ ഏർപ്പെടുകയാണെങ്കിൽ ജനസമക്ഷമുള്ള നിങ്ങളുടെ ചുമതലയിൽ എന്തെങ്കിലും മാറ്റമുണ്ടാകുമോ? പദ്ധതിയുടെ ആസൂത്രണത്തിലും നടത്തിപ്പിലും സഭ ഇടപെടണമോ? പദ്ധതികാലയളവിൽ ആത്മിക അന്തരീക്ഷത്തിന്റെ പ്രസക്തി വർദ്ധിക്കുവാൻ ചെയ്യേണ്ട നിശ്ചിതമായ പ്രയത്നങ്ങൾ എന്തെല്ലാം? സഭയുടെ വളർച്ചയ്ക്ക് ദോഷമെന്നു കണ്ടെത്തിയാൽ ഏതു സമയത്തും പദ്ധതി ഉപേക്ഷിക്കുവാൻ നിങ്ങൾ തയ്യാറാകുമോ? ജനങ്ങളുടെ ഭൗതിക ആവശ്യങ്ങൾ നിറവേറ്റുവാനുള്ള നമ്മുടെ നല്ല താല്പര്യം ദൈവവേലയ്ക്ക് തടസം സൃഷ്ടിച്ചു എന്ന കുറ്റം നമ്മുടെമേൽ വരുത്തുവാൻ ഇടയാകരുത്. സാമൂഹിക വികസനവും സഭാവളർച്ചയും പരസ്പര വിരുദ്ധമല്ല. വളരുന്ന സഭ സാമൂഹികമായും സാമ്പത്തികമായും മുന്നേറും. ◘

# അച്ചടി മാധ്യമ നിയമം മാറുന്നു: ഐഎൻഎസിന് ആശങ്ക

**ന്യൂഡൽഹി:** ഇന്റർനെറ്റ് പതിപ്പുകൾ കൂടി ഉൾപ്പെടുത്തി നിലവിലുള്ള അച്ചടി മാധ്യമ നിയമത്തിനു പകരം നിയമം കൊണ്ടുവരാൻ കേന്ദ്രസർക്കാർ തീരുമാനിച്ചു. പ്രധാനമന്ത്രി ഡോ. മൻമോഹൻ സിങ്ങിന്റെ അധ്യക്ഷതയിൽ ചേർന്ന കേന്ദ്രമന്ത്രിസഭായോഗമാണു ഈ തീരുമാനമെടുത്തത്.

അച്ചടി മാധ്യമനയത്തിനു യോജിക്കുംവിധം 1867ലെ പ്രസ് ആൻഡ് റജിസ്ട്രേഷൻ ഓഫ് ബുക്സ് നിയമം പാടേ പുതുക്കാനാണു തീരുമാനം. ഇതിനായി പ്രസ് ആൻഡ് റജിസ്ട്രേഷൻ ഓഫ് ബുക്സ് ആൻഡ് പബ്ലിക്കേഷൻസ് ബിൽ 2010 അടുത്ത പാർലമെന്റ് സമ്മേളനത്തിൽ അവതരിപ്പിക്കുമെന്നു വാർത്തവിതരണമന്ത്രി അംബികാ സോണി പ്രസ്താവിച്ചു.

ഭീകരർക്കും നിയമവിരുദ്ധ നടപടികളുടെ പേരിൽ ശിക്ഷിക്കപ്പെട്ടവർക്കും പ്രസിദ്ധീകരണങ്ങൾ പുറത്തിറക്കാൻ അവകാശമുണ്ടാവില്ല. നിലവിലുള്ള നിയമത്തിൽ ഈ വ്യവസ്ഥയില്ല. പ്രസിദ്ധീകരണങ്ങൾക്കു വ്യക്തമായ നിർവചനം, ടൈറ്റിലുകൾ നൽകുന്നതിനും പരിശോധിക്കുന്നതിനും റദ്ദാക്കുന്നതിനുമുള്ള കാര്യക്ഷമമായ വ്യവസ്ഥകൾ, വിദേശ നിക്ഷേപത്തിനും വിദേശ വാർത്തയുടെ തോതിനുമുള്ള നിയന്ത്രണം എന്നിവയും ബില്ലിലുണ്ട്.

രാജ്യത്ത് 70,000 പ്രസിദ്ധീകരണങ്ങളുണ്ടെന്നു വാർത്താവിതരണ സെക്രട്ടറി രഘു മേനോൻ പറഞ്ഞു. ടൈറ്റിൽ റജിസ്റ്റർ ചെയ്തു വർഷങ്ങളോളം പ്രസിദ്ധീകരണം പുറത്തിറക്കാതിരിക്കുന്നതാണു പതിവ്. പേര് അനുവദിച്ചാൽ ഒരു വർഷത്തിനകം പ്രസിദ്ധീകരണം തുടങ്ങിയിരിക്കണം.

ഫാക്സിമിലി പതിപ്പുകൾ, വിദേശനിക്ഷേപ പരിധി, ശാസ്ത്ര സാങ്കേതിക പ്രസിദ്ധീകരണങ്ങൾ എന്നിവയുമായി ബന്ധപ്പെട്ട മാർഗ്ഗനിർദ്ദേശങ്ങളടങ്ങിയ ഭരണപരമായ ഒട്ടേറെ ഉത്തരവുകൾ നിലവിലുണ്ട്. ഇവയ്ക്കു നിയമപരമായ കരുത്തു പകരുകയാണു ലക്ഷ്യം.

വിദേശനിക്ഷേപവും വിദേശ പ്രസിദ്ധീകരണങ്ങളുമായി ബന്ധപ്പെട്ടവയടക്കം നിലവിലുള്ള മാർഗ്ഗനിർദ്ദേശങ്ങളിൽ മിക്കതും ഭേദഗതി ചെയ്തിട്ടില്ലെന്നു മേനോൻ അറിയിച്ചു.

എന്നാൽ, ബന്ധപ്പെട്ടവരുമായി ചർച്ചപോലും നടത്താതെ പ്രസ് ആൻഡ് റജിസ്ട്രേഷൻ ഓഫ് ബുക്സ് ആക്ട് (1986) ഭേദഗതി ചെയ്യുന്നതിന് കേന്ദ്രമന്ത്രിസഭാ അനുമതി നൽകിയതിൽ ഇന്ത്യൻ ന്യൂസ്പേപ്പർ സൊസൈറ്റി (ഐഎൻഎസ്) പ്രസിഡന്റ് കുന്ദൻ എസ്. വ്യാസ് കടുത്ത ഉത്കണ്ഠ രേഖപ്പെടുത്തി. നിയമഭേദഗതികൾ വരുത്തുന്നത് അപാകതകൾ പരിഹരിക്കുന്നതിനും പഴുതുകൾ അടയ്ക്കുന്നതിനും വേണ്ടിയാവണം. ബന്ധപ്പെട്ട മേഖലയിലുള്ളവരുമായി ചർച്ച നടത്താതെ ക്യാബിനറ്റ് അംഗീകരിച്ച ഭേദഗതി കിരാതവും ഭരണഘടനയുടെ മൂന്നാം അദ്ധ്യായത്തിനു വിരുദ്ധവുമാണ് എന്ന് അദ്ദേഹം പ്രതിഷേധിച്ചു. സാങ്കേതികമായ പലവിധ ലംഘനങ്ങൾക്കാണ് ശിക്ഷ ഏർപ്പെടുത്തിയിരിക്കുന്നത്. ആദ്യം കുറ്റം ചെയ്യുമ്പോൾ 30 ദിവസവും രണ്ടാമത് ആവർത്തിക്കുമ്പോൾ 60 ദിവസവും പ്രസിദ്ധീകരണം നിർത്തിവയ്പിക്കാം. മൂന്നാമത് ആവർത്തിക്കുമ്പോൾ റജിസ്ട്രേഷൻ റദ്ദാക്കാനും തടവുശിക്ഷ നൽകാനും വ്യവസ്ഥ ചെയ്യുന്നു- അദ്ദേഹം ചൂണ്ടിക്കാട്ടി.

പ്രസിദ്ധീകരണം നിർത്തിവയ്പിക്കുന്നിലേക്കു നയിക്കുന്ന ഒരു വ്യവസ്ഥയ്ക്കും ജനാധിപത്യത്തിൽ സ്ഥാനമില്ല എന്ന് ശ്രീ വ്യാസ് ഊന്നിപ്പറഞ്ഞു. ബിൽ പാർലമെന്റിൽ വയ്ക്കും മുൻപായി മാധ്യമരംഗത്തെ ആശങ്കകൾ ഗൗരവമായി കണ്ട് ബന്ധപ്പെട്ടവരുമായി ചർച്ച നടത്താൻ തയാറാകണമെന്ന് വാർത്താവിതരണ മന്ത്രി അംബികാ സോണിയോട് അദ്ദേഹം ആവശ്യപ്പെട്ടു.

ഇപ്പോൾ വിൽപനയിൽ !!! പരിഷ്ക്കരിച്ച മൂന്നാം പതിപ്പ് !!!

**വിശ്വാസ ഗീതങ്ങൾ**

ഒരു ഉത്തമ ഗാനോപഹാരം

മലയാളം, ഇംഗ്ലീഷ്, ഹിന്ദി, തമിഴ്, റോമൻ സ്ക്രിപ്റ്റിലുമായി 1050ൽപ്പരം ഗാനങ്ങൾ

വില: 130/-

കൂടാതെ മറ്റ് സിഡികളും ലഭ്യമാണ്:

സ്നേഹധ്വനി, സ്നേഹധാര, സ്നേഹനാഥൻ, പ്രേംവാണി, കൺവൻഷൻ ഗാനങ്ങൾ, സ്നേഹമാധുരി

വിശ്വാസ സംവാദങ്ങൾ, ഡയലോഗ്സ് ഇൻ ഫെയ്ത്ത് (ഇംഗ്ലീഷ്) എന്നീ പുസ്തകങ്ങളും ലഭ്യമാണ്.

Pastor M. Samuelkutty, 87, Tenement-II,
RBTB Hospital, Delhi-110009, Ph: (011)- 27658810,

87, Tenement-II, RBTB Hospital,
Kingsway Camp, Delhi-110009
India

# VISWASI

POSTAL REGN.NO.DL 07 / 0138 / 09 - 11
NEWSPAPER REGN. No. 65362 / 97
Price Rs. 3/-

Tel : 011- 27658810, Fax : 91-11-27658810, e-mail : icm4india@yahoo.com, website- www.indianchristianmission.com

## കെട്ടഴിഞ്ഞ ജനവും കുത്തഴിഞ്ഞ ആരാധനയും



പാസ്റ്റർ ബിജു തങ്കച്ചൻ
ന്യൂഡൽഹി

യിസ്രായേൽ ദൈവത്തിന്റെ സ്വന്തം ജനമാണ്. പ്രത്യേക ഉദ്ദേശ്യത്തിനായി വിളിച്ച് വേർതിരിക്കപ്പെട്ടവരുടെ കൂട്ടം. നിഴലായ യിസ്രായേലും പൊരുളായ പുതിയ നിയമ സഭയും ദൈവത്തിന് വിശേഷ ജാതിയും അവന്റെ അവകാശവും ആണ്.

യിസ്രായേൽ അടിമത്വത്തിൽ നിന്നും ദൈവത്തിന്റെ സ്വന്തം ഭുജത്താൽ വിടുവിക്കപ്പെട്ടു. മോശെയുടെ നേതൃത്വത്തിൽ വാഗ്ദത്ത ദേശത്തേക്ക് യാത്ര പുറപ്പെട്ടു. മരുഭൂയാത്ര അവരുടെ വിശ്വാസത്തിന്റെയും ദൈവാശ്രയത്തിന്റെയും പരീക്ഷണശാലകൾ ആയിരുന്നു. അവർ മിസ്രയീമിൽ നിന്നും പുറപ്പെടുമ്പോൾ ഒരു വലിയ ജനക്കൂട്ടം എന്നതിലുപരി വ്യക്തമായ നിയമങ്ങളോ ചട്ടങ്ങളോ ഉള്ള ഒരു ജാതി ആയിരുന്നില്ല. അടിമകളായി ജനിച്ച് അടിമത്വത്തിൽ വളർന്ന ഒരു തലമുറ. വിദ്യാഭ്യാസവും നീതിയും നിഷേധിക്കപ്പെട്ടവർ. ആഹാരത്തെക്കുറിച്ച് മാത്രം ചിന്തിക്കുന്നവർ. മറ്റുള്ളവരുടെ ചൂഷണത്തിന് വിധേയരായി കഴിഞ്ഞവർ. എന്നാൽ, അവരെ ചട്ടങ്ങളും പ്രമാണങ്ങളുമുള്ള ഒരു വ്യവസ്ഥാപിത ജാതിയാക്കി തീർക്കുവാൻ ദൈവം ആഗ്രഹിച്ചു. തന്റെ ജനത്തിന് നൽകുവാനുള്ള കല്പനകൾ നൽകേണ്ടതിന് ദൈവം മോശെയെ പർവ്വതത്തിലേക്ക് വിളിച്ചു.

അഹരോന് താൽക്കാലിക ചുമതല നൽകി മോശെ പർവ്വതത്തിന്റെ മുകളിൽ ദിവസങ്ങളോളം ദൈവസാന്നിദ്ധ്യത്തിൽ കഴിഞ്ഞു. ജനത്തിന്റെ ഇടയിൽ ദൈവസാന്നിദ്ധ്യം ഇറങ്ങി വസിക്കേണ്ടതിനും ജനം അത് അനുഭവവേദ്യമാക്കേണ്ടതിനും വേണ്ടി ഒരു സമാഗമന കൂടാരം ഉണ്ടാക്കുന്നതിനെ പറ്റി ദൈവം മോശെയോട് സംസാരിച്ചുകൊണ്ടിരുന്നു. ആരാധനയെക്കുറിച്ചും ആലയത്തിലെ ശുശ്രൂഷകളെക്കുറിച്ചും യാഗങ്ങളെക്കുറിച്ചും എല്ലാം സർവ്വശക്തന്റെ ഇച്ഛകൾ മോശെ ഗ്രഹിക്കുകയാണ്. എന്നാൽ, പാളയത്തിൽ ആകെ കുഴച്ചിലാണ്. ജനത്തിന് ക്ഷമ നഷ്ടപ്പെട്ടു. അവർക്ക് ഒരു മാറ്റം വേണം. മോശെയ്ക്കു പകരം നേതാവാകുവാൻ ജനം അഹരോനോട് ആവശ്യപ്പെട്ടു. കാരണം, "നീ എല്ലാംകൊണ്ടും കാലഘട്ടത്തിന് യോജിച്ച ആളാണ്. മോശെ വിക്കനും പഴയ ചിന്താഗതിക്കാരനും വിട്ടുവീഴ്ചയില്ലാത്തവനുമാണ്. എന്നാൽ, നീ പുരോഗമനവാദിയും എല്ലാറ്റിനോടും സഹകരിക്കുന്നവനുമാണ്. കാലത്തിനൊത്ത മാറ്റം എന്ന പേരിൽ അനാത്മിക പ്രവണതകളെ ആത്മീകവൽക്കരിക്കാൻ നിനക്ക് കഴിവുണ്ട്".

> ജനം ഏതിലേക്ക് ചാഞ്ഞിരിക്കുന്നു എന്ന് മനസ്സിലാക്കി അതനുസരിച്ച് പ്രസംഗവും പ്രവചനവും നടത്തി ജനത്തെ വശീകരിച്ച് നിത്യ ദോഷത്തിലേക്ക് തള്ളിയിടുന്നവർ സത്യവചനം പ്രസംഗിച്ച് ജനത്തെ ശരിയായി നടത്താത്തതിലൂടെ അനേകർക്ക് സ്വർഗ്ഗരാജ്യം അടച്ചുകളകയും ദൈവസഭയെ നശിപ്പിക്കുകയും ചെയ്യുകയാണ്

അഹരോന് സന്തോഷമായി. ഭക്തനായ മോശെ ഊന്നൽ നൽകുന്ന ദൈവിക പ്രമാണങ്ങളെ കാറ്റിൽ പറത്തിക്കൊണ്ട് തന്നെ അധികാരത്തിലെത്തിച്ച ജനത്തിന്റെ ഇഷ്ട വഴിയിലേക്ക് അഹരോൻ തിരിഞ്ഞു. അഹരോന്റെ ബുദ്ധി വികസിച്ചു, മോശെയെപ്പോലെ ആത്മിയ തീക്ഷ്ണതയും കർശനമായ ചിട്ടയും വേണ്ട. അല്പം അയവു നൽകിയാൽ ജനം സന്തുഷ്ടരാകുമെന്ന് താൻ തീരുമാനിച്ചു. ജനം നൽകിയ ആഭരണം കൊണ്ട് അഹരോന്റെ നേതൃത്വത്തിൽ കാളക്കുട്ടി തയ്യാറായി. ജനം സന്തോഷത്താൽ മതിമറന്നു. ദൈവം പിണങ്ങാതിരിക്കാൻ ഒരു യാഗപീഠം പണിത് ആരാധനയും തുടങ്ങി. കാളക്കുട്ടിയുടെ മുമ്പിലാണെങ്കിലും യഹോവയ്ക്കു ഒരു ഉത്സവം (Feast to the Lord) എന്നാണ് പേരിട്ടിരിക്കുന്നത്. ദൈവിക ആരാധനയേയും കാളക്കുട്ടിയേയും ഒരു കുടക്കീഴിലാക്കാൻ അഹരോൻ ശ്രമിക്കുകയാണ്. പ്രമാണപ്രകാരമുള്ള ആരാധനയല്ല മറിച്ച് കുറെ ആളിനെ കൂട്ടി ശബ്ദകോലാഹലം ഉണ്ടാക്കിയാൽ യഹോവയ്ക്ക് ഉത്സവം ആകും എന്നാണ് അഹരോന്റെ ദൈവശാസ്ത്രം.

യിസ്രായേലിന്റെ ഇടയിൽ റവ. അഹരോന്റെ നേതൃത്വത്തിൽ കൊട്ടും പാട്ടും ചാട്ടവും എല്ലാം കൂടി തകർപ്പൻ ആരാധന മുന്നേറുകയാണ്. യഹോവയുടെ പേരിലുള്ള Feast ആയതിനാൽ നവ യിസ്രായേൽ സഭയിൽ പെ

(ശേഷം രണ്ടാം പേജിൽ)

### വേദവിചാരം

## തിന്മയ്ക്കു പകരം നന്മ ചെയ്യാം



പാസ്റ്റർ ബിജു ബഞ്ചമിൻ
അടൂർ

ധനികനായ ഒരു മനുഷ്യൻ തനിക്കുള്ള സമ്പത്ത്, വിലയേറിയ ഒരു രത്നമോതിരമൊഴികെ, തന്റെ മൂന്ന് മക്കൾക്കായി വിഭാഗിച്ചു. ആ മോതിരത്തിന്റെ അവകാശി ആരെന്ന് നിർണ്ണയിക്കേണ്ടതിനായി ചില നാളുകൾ ദൂരയാത്രകൾ ചെയ്ത് മടങ്ങിയെത്തുവാൻ പിതാവ് മക്കളോട് നിർദ്ദേശിച്ചു. ഈ കാലയളവിൽ ഏറ്റവും ശ്രേഷ്ഠമായ പ്രവൃത്തി ചെയ്യുന്നവന് രത്നമോതിരം സ്വന്തമാക്കാം എന്നായിരുന്നു വ്യവസ്ഥ. അപ്പൻ പറഞ്ഞതുപോലെ മക്കൾ അനുസരിച്ചു. യാത്രകൾക്ക് ശേഷം തിരിച്ചെത്തിയ മൂവരും അവരവരുടെ പ്രവൃത്തികൾ വിവരിച്ചു. മൂത്തവൻ പറഞ്ഞു, "എന്റെ യാത്രാമദ്ധ്യേ ഒരു മനുഷ്യൻ തന്റെ സ്വത്ത് മുഴുവൻ യാതൊരു ജാമ്യവും കൂടാതെ എനിക്ക് നൽകി. എനിക്ക് അത് സ്വന്തമാക്കാമായിരുന്നു. പക്ഷേ, ഞാൻ അത് ചെയ്യാതെ മുഴുവൻ തുകയും പലിശ സഹിതം തിരികെ കൊടുത്തു". മകൻ ചെയ്തത് നല്ല കാര്യമായിരുന്നെന്നും അത് അവനിൽ നിന്ന് പ്രതീക്ഷിച്ചിരുന്നതാണെന്നും പിതാവ് മറുപടി നൽകി. പ്രക്ഷുബ്ധമായ കടൽ തിരമാലകളിൽ പെട്ടുപോയ ഒരു പിഞ്ചുകുഞ്ഞിനെ തന്റെ ജീവൻ പണയപ്പെടുത്തി രക്ഷിച്ച കഥ രണ്ടാമൻ പറഞ്ഞു. പിതാവ് രണ്ടാമനെയും ശ്ലാഘിച്ചു. എന്നാൽ, രത്നമോതിരം സ്വന്തമാക്കണമെങ്കിൽ അതിലുമധികം ശ്രേഷ്ഠമായത് ചെയ്യണമെന്ന് പിതാവ് നിർദ്ദേശിച്ചു. ഇളയ മകന്റെ ഊഴം വന്നപ്പോൾ അവൻ പറഞ്ഞത്.

"ഞാൻ ആടുകളെ മേയ്ക്കുകയായിരുന്നു. ഞാൻ നോക്കിയപ്പോൾ എന്റെ വിരോധി കിഴുക്കാംതൂക്കായ കുന്നിന്റെ അഗ്രത്ത് കിടന്നുറങ്ങുകയായിരുന്നു. ഉറക്കത്തിൽ അവൻ വീണിരുന്നുവെങ്കിൽ മരിച്ചുപോകുമായിരുന്നു. അവനെ ഉറക്കത്തിൽ നിന്ന് ഞാൻ വിളിച്ചുണർത്തി അവന്റെ ജീവൻ രക്ഷിച്ചു". ഈ വാക്കുകൾ കേട്ട് സന്തുഷ്ടനായ പിതാവ് രത്ന മോതിരം അവന് സമ്മാനിച്ചു. വിരോധിയോട് വൈരാഗ്യം സൂക്ഷിക്കാതെ മരണത്തിൽ നിന്ന് അവനെ രക്ഷിക്കുക വഴി ഇളയ മകൻ ഏറ്റവും ശ്രേഷ്ഠമായത് ചെയ്തിരിക്കുന്നു എന്ന് അദ്ദേഹം പറഞ്ഞു. വിശിഷ്ടതയുടെ ഏറ്റവും ഉദാത്തമായ രൂപമാണ് തിന്മയ്ക്ക് പകരം നന്മ ചെയ്യുന്നത്.

നന്മയുടെ ഉറവിടം ദൈവമാണ്. ദൈവത്തെക്കൂടാതെ നന്മ ചെയ്യുവാൻ നമുക്ക് കഴിയില്ല. യഹോവയെക്കൂടാതെ ഒരു നന്മയുമില്ല എന്ന് സങ്കീർത്തനക്കാരൻ പറയുന്നത് ഇവിടെ ശ്രദ്ധേയമാണ് (സങ്കീ. 16:2). നാം നന്മ ചെയ്യുന്നവരാകണം എന്ന് കർത്താവ് ആഗ്രഹിക്കുന്നു. ദോഷം വിട്ടകന്ന് ഗുണം ചെയ്ക, സമാധാനം അന്വേഷിച്ച് പിന്തുടരുക എന്ന് വേദപുസ്തകം അനുശാസിക്കുന്നു (സങ്കീ. 34:14). യിസ്രായേൽ ജനം തങ്ങളുടെ ജീവിതയാത്രയിലധികവും ദൈവത്തിൽ നിന്ന് അകന്നു കഴിഞ്ഞിട്ടും ദൈവം അവരെ പാലും തേനും ഒഴുകുന്ന നാട്ടിലേക്ക് നയിച്ചു. ദൈവം മനുഷ്യപുത്രനായി മന്നിൽ അവതരിച്ചപ്പോൾ യഹൂദന്മാർ നന്മയുടെ മൂർത്തിമത്തായ വ്യക്തിത്വത്തിന് സാക്ഷ്യം വഹിക്കുകയായിരുന്നു. യേശുവിന്റെ ജീവിതകാലത്തും അവൻ നന്മയുടെ ആൾരൂപമായി വിളങ്ങി. അവൻ നന്മ ചെയ്തും പിശാചു ബാധിച്ചവരെ ഒക്കെയും സൗഖ്യമാക്കിയുംകൊണ്ട് സഞ്ചരിച്ചു എന്ന് നാം വായിക്കുന്നു (അ.പ്രവ. 10: 38). തിന്മയ്ക്ക് പകരം തിന്മ ചെയ്യാതെ നന്മ ചെയ്യുവാൻ അവൻ ശിഷ്യന്മാരെ ഉപദേശിക്കുകയും ചെയ്തു. ഉപദേശം മാത്രമായിരുന്നില്ല, അവ ജീവിതത്തിൽ പ്രവർത്തിക്കുകയും ചെയ്തു. ശബ്ബത്തിന്റെ അന്തസ്സാരം നന്മ ചെയ്യുന്നതാണ് എന്ന് അവിടുന്നു പഠിപ്പിച്ചു (മർക്കൊസ് 3:4). നിങ്ങളുടെ ശത്രുക്കളെ സ്നേഹിപ്പിൻ, നിങ്ങളെ പകക്കുന്നവർക്കു ഗുണം ചെയ്യുവിൻ, നിങ്ങളെ ശപിക്കുന്നവരെ അനുഗ്രഹിപ്പിൻ എന്ന് യേശു കല്പിച്ചു (ലൂക്കൊസ് 6:27). നന്മ ചെയ്തിട്ടും ക്രൂശുമരണത്തിനേൽപ്പിച്ചവരെയും ക്രൂശിൽ തറച്ചവരെയും അവൻ വെറുത്തില്ല. ക്രൂശിൽ കിടന്നുകൊണ്ട് അവർക്കുവേണ്ടി പ്രാർത്ഥിക്കുന്നു; "പിതാവേ, ഇവർ ചെയ്യുന്നത് ഇന്നത് എന്ന് അറിയായ്കകൊണ്ട് ഇവരോട് ക്ഷമിക്കേണമേ" എന്ന് പറഞ്ഞു. (ലൂക്കൊസ് 23:34).

പുതിയനിയമ സഭ പീഡനപർവ്വങ്ങളിലായിരുന്നപ്പോഴും പ്രതികരിക്കുവാൻ തുനിയാതെ ക്ഷമിച്ചു മുന്നേറിയ ചരിത്രമാണ് നാം കാണുന്നത്. അപ്പൊസ്തലിക ഉപദേശത്തിലും അതിന് മുന്തിയ പ്രാധാന്യം നൽകി. റോമാ ലേഖനത്തിൽ പൗലൊസ് ആവശ്യപ്പെടുന്നത് നമുക്ക് നിർവ്യാജമായ സ്നേഹം ഉണ്ടായിരിക്കേണം എന്നാണ്. അപ്പോൾ മാത്രമേ സഹോദര പ്രീതി നമ്മിൽ ഉളവാകുകയുള്ളൂ (റോമർ 12:9). നാം നമ്മുടെ സ്വന്തം ഗുണം മാത്രമല്ല മറ്റുള്ളവരുടെ ഗുണം കൂടി അന്വേഷിക്കണം (1 കൊരി 10:24). നാം സകലത്തിലും എപ്പോഴും പൂർണ്ണ തൃപ്തിയുള്ളവരായി സകല സൽപ്രവർത്തിയിലും പെരുകി വരുമാറാകണമെന്ന് പൗലൊസ് കർത്താവിൽ ആശിക്കുന്നു (2 കൊരി 9:8). അവസരം കിട്ടുംപോലെ നാം എല്ലാവർക്കും, വിശേഷാൽ സഹവിശ്വാസികൾക്കും നന്മ ചെയ്യണമെന്ന് പൗലൊസ് കൂട്ടിച്ചേർക്കുന്നു (ഗലാ 6:10). നന്മയല്ലാതെ തിന്മ അനുകരിക്കരുത്; നന്മ ചെയ്യുന്നവൻ ദൈവത്തിൽ നിന്നുള്ളവൻ ആകുന്നു; തിന്മ ചെയ്യുന്നവൻ ദൈവത്തെ കണ്ടിട്ടില്ല എന്ന് യോഹന്നാന്റെ ലേഖനവും ഉറപ്പിച്ച് പറയുന്നു (3 യോഹ 11).

ക്രിസ്തീയ ജീവിതത്തിന്റെ സത്യസന്ധമായ ഒരു വിചാരണയിലൂടെ ഈ പറഞ്ഞ മൂല്യങ്ങൾ നമ്മിൽ എത്രമാത്രം ഇല്ലാതെയായിരിക്കുന്നു എന്ന് മനസ്സിലാക്കുവാൻ കഴിയും. അവിടെയാണ് നമ്മുടെ ജീവിതം ലക്ഷ്യം തെറ്റുന്നത്. അവിടെയാണ് ക്രിസ്തുവിന്റെ സ്നേഹം നമ്മിൽ നിന്ന് അറ്റുപോകുന്നത്. അവിടെയാണ് സമൂഹത്തിൽ നാം ചോദ്യ ചിഹ്നങ്ങളാകുന്നത്. സ്വാർത്ഥത മനസ്സിൽ കുന്നുകൂടുന്ന കാഴ്ചകളാണ് നാം എല്ലായിടത്തും കാണുന്നത്. കുടുംബങ്ങളിലെയും സഭകളിലെയും സമൂഹങ്ങളിലെയും അസ്വാരസ്യങ്ങളുടെ കാരണം മറ്റൊന്നുമല്ല, സ്വാർത്ഥതയാണ്. സ്വാർത്ഥത നമ്മെ ദൈവത്തിൽ നിന്നും സമൂഹത്തിൽ നിന്നും അകറ്റുന്നു. നന്മ ചെയ്യുവാൻ അവസരമുണ്ടായിട്ടും അത് ചെയ്യാത്തത് പാപമാണെന്ന് വചനം പഠിപ്പിക്കുന്നു. നിർവ്യാജമായി അന്യനെ സ്നേഹിക്കുവാൻ, പ്രതിഫലേച്ഛകൂടാതെയുള്ള സേവനം ചെയ്യാൻ, തിന്മയ്ക്ക് പകരം നന്മ ചെയ്യുവാൻ നമുക്ക് സാധിക്കട്ടെ. അവിടെ നമ്മുടെ ജീവിതം അർത്ഥപൂർണ്ണമാകും.

(കഥയ്ക്ക് കടപ്പാട്- More Stories for the heart- Francis Xaviour, Bangalore)

## ഇന്ത്യൻ ക്രിസ്ത്യൻ മിഷൻ (ഐ.സി.എം.) പ്രവർത്തനങ്ങൾ

1. സഭാ സ്ഥാപനം (ഫെയ്ത്ത് ഫെലോഷിപ്പ് ചർച്ച്- ഡൽഹി, ബീഹാർ, കേരളം)
2. ഫെയ്ത്ത് സെലിബ്രേഷൻ ബൈബിൾ കോളജ് (കേരളം)
3. ഇന്ത്യൻ ക്രിസ്ത്യൻ മിഷൻ സ്കൂളുകൾ (ബീഹാർ)
4. കോച്ചസ് ചൈൽഡ് ഡെവലെപ്പ്മെന്റ് സെന്റർ (ബീഹാർ)
5. ഫെയ്ത്ത് സീയോൻ സിംഗേഴ്സ് (കേരളം)
6. പ്രസിദ്ധീകരണങ്ങൾ വിശ്വാസി (മാസിക), വിശ്വാസ ഗീതങ്ങൾ (പാട്ടുപുസ്തകം), വിശ്വാസ സംവാദങ്ങൾ, ഡയലോഗ്സ് ഇൻ ഫെയ്ത്ത് (ഇംഗ്ലീഷ്)
8. മ്യൂസിക്കൽ സി.ഡികൾ (സ്നേഹധ്വനി, സ്നേഹധാര, സ്നേഹനാഥൻ, കൺവൻഷൻ ഗാനങ്ങൾ, സ്നേഹമാധുരി, പ്രേംവാണി (ഹിന്ദി)

**ഈ പ്രവർത്തനങ്ങളിൽ നിങ്ങൾക്കും പങ്കാളികളാകാം**

1. ഇന്ത്യൻ ക്രിസ്ത്യൻ മിഷന്റെ പ്രവർത്തനങ്ങളെക്കുറിച്ചുള്ള നിങ്ങളുടെ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും ഞങ്ങളെ അറിയിക്കുക
2. ഇന്ത്യൻ ക്രിസ്ത്യൻ മിഷന്റെ പ്രവർത്തനങ്ങളെ ഓർത്ത് ദിവസവും പ്രാർത്ഥിക്കുക
3. ഇന്ത്യൻ ക്രിസ്ത്യൻ മിഷന്റെ പ്രവർത്തനങ്ങളെ മറ്റുള്ളവർക്ക് പരിചയപ്പെടുത്തുക
4. ഇന്ത്യൻ ക്രിസ്ത്യൻ മിഷന്റെ പ്രവർത്തനങ്ങളെ സാമ്പത്തികമായി സഹായിക്കുക

INDIAN CHRISTIAN MISSION
87, TENEMENT-II, RBTB HOSPITAL, KINGSWAY CAMP, DELHI-110009
Ph: (011)- 27658810, E-mail: icm4india@yahoo.com,
Website: www.indianchristianmission.com

Edited, Printed, Published and Owned by Pastor M. Samuelkutty, 87 Tenement-II, RBTB Hospital, Delhi-9, at New Life Printers (P) Ltd, Delhi-9, Tel : 32607442